തുടർന്ന് 7-5-2014-ലെ 13087/ഇ 2/2012/നിവ. നമ്പർ സർക്കുലർ മുഖേന ഇപ്രകാരമുള്ള റവന്യൂ നഷ്ടം തടയുന്നതിനായി എല്ലാ വകുപ്പുകൾക്കും ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, 2014-ലെ ഫിനാൻസ് ആക്ട് മുഖേന, 1959-ലെ കേരള മുദ്രപ്പത്ര നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തിക്കൊണ്ട് ATM, മൊബൈൽ ടവർ ഇവ സ്ഥാപിക്കുന്നതിനുള്ള കരാറുകൾക്ക് പ്രത്യേകമായി മുദ്ര നിരക്ക് ഏർപ്പെടുത്തുകയും ചെയ്തു. ഇപ്പോൾ ടി കരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്. ആയതിനാൽ ടി ഇനത്തിൽ ഇപ്പോൾ റവന്യൂ നഷ്ടം സംഭവിക്കുന്നില്ല.

അന്തിക്കാട് രജിസ്ട്രാർ ഓഫീസ്

217 (4849) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ അന്തിക്കാട് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം കാലഹരണപ്പെട്ട് ചോർന്നൊലിക്കുന്ന അവസ്ഥയിലായതിനാൽ പുതിയ കെട്ടിടം നിർമ്മിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കെട്ടിട നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി വിശദമായ പ്ലാനും എസ്റ്റിമേറ്റും സഹിതമുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച്, ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഭരണാനുമതി നൽകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

കുടുംബാംഗങ്ങൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിന് നികുതി പരിധി

218 (4850) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബാംഗങ്ങൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിന് നികുതി പരിധി എടുത്തു കളഞ്ഞതു വഴി സ്റ്റാംപ് ഡ്യൂട്ടി ഇനത്തിൽ വൻതുക നൽകേണ്ടി വരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് കുടുംബാംഗങ്ങൾ തമ്മിലുള്ള ഭൂമി കൈമാറ്റം വൈകുന്നതിനിടയാക്കുമെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കുടുംബാംഗങ്ങൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിൽ സാമ്പത്തിക ക്രയവിക്രയം ഉണ്ടാകാത്ത സാഹചര്യത്തിൽ ഈടാക്കാവുന്ന സ്റ്റാമ്പ് ഡ്യൂട്ടിയ്ക്കും രജിസ്ട്രേഷൻ ഫീസിനും പരമാവധി പരിധി നിശ്ചയിച്ചിരുന്ന രീതി പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) സ്റ്റാമ്പ് ഡ്യൂട്ടി സംബന്ധിച്ച ആവശ്യം സർക്കാർ പരിഗണിക്കുകയും ഉപധനാഭ്യർത്ഥനയുടെ ചർച്ചയിൽ ഇളവ് പുനസ്ഥാപിച്ചുകൊണ്ടുള്ള ഭേദഗതി നിയമസഭ പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

മേത്തരുമ്പ-ചപ്പാരപ്പടവ്-കൂറ്റൂർ, വെള്ളോറ-കക്കറ-കടുക്കാരം മുക്ക് റോഡുകളുടെ നവീകരണം

219 (4851) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരമം-കുറ്റൂർ പഞ്ചായത്തിൽപ്പെടുന്ന മേജർ ജില്ലാ റോഡുകളായ മേത്തരുമ്പ-ചപ്പാരപ്പടവ്-കൂറ്റൂർ, വെള്ളോറ-കക്കറ-കടുക്കാരംമുക്ക് എന്നീ റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) പൊട്ടിപ്പൊളിഞ്ഞ പ്രസ്തുത റോഡുകൾ അഭിവൃദ്ധിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) മേത്തരുമ്പ-ചപ്പാരപ്പടവ്-കൂറ്റൂർ റോഡ് കി.മീ. 10/285 മുതൽ 23/285 വരെയും വെള്ളോറ-കക്കറ-കടുക്കാരം മുക്ക് റോഡ് കി.മീ. 0/000 മുതൽ 11/400 വരെയും ബി.എം.& ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly